# വെബ് ആപ്ലിക്കേഷൻ സുരക്ഷയിൽ ത്രിദിന പരിശീലനം

വെബ് അധിഷ്ഠിത സേവനങ്ങളുടെ സുരക്ഷ സംബന്ധിച്ച് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയും ഐ ഐ ഐ ടി എം കെയും സംയുക്തമായി വിവിധ സർക്കാർ വകുപ്പുകൾക്കുവേണ്ടി സംഘടിപ്പിക്കുന്ന ത്രിദിന പരിശീലനം ഏപ്രിൽ 10-12 തീയതികളിൽ ടെക്നോപാർക്കിലെ ഐ ഐ ഐ ടി എം ക്യാമ്പസിൽ നടക്കും.

സംസ്ഥാന ഐ ടി വകുപ്പ് ഡപ്യൂട്ടി സെക്രട്ടറി ശ്രീ. പി.ബാലകിരൺ ഐ എ എസ് ആമുഖപ്രഭാഷണം നടത്തും. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യ ഡയറക്ടർ ഡോ.എ എസ് കാംബ്ലെ മുഖ്യപ്രഭാഷണം നടത്തും. ഐ ഐ ഐ ടി എം കെ ഡയറക്ടർ പ്രൊഫ. രാജശ്രീ എം എസ് സ്വാഗതമാശംസിക്കുന്ന ചടങ്ങിൽ ഐ ടി മിഷൻ കോ-ഓർഡിനേറ്റർ ശ്രീ.ഹമീം മുഹമ്മദ് നന്ദി രേഖപ്പെടുത്തും.

വെബ് ആർക്കിടെക്ച്ചർ, ഹാക്കിംഗ്, കുക്കി പോയിസണിംഗ്, ഹൈജാക്കിംഗ് തുടങ്ങി വെബ് അധിഷ്ഠിതമായി നിലകൊള്ളുന്ന നിരവധി ആധുനിക സാങ്കേതിക സുരക്ഷാ ഭീക്ഷണികളെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സുകളെടുക്കും. സൈബർ കുറ്റകൃത്യങ്ങൾ ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഇതിനെതിരായ ഫലപ്രദമായ ഉപരോധമാർഗങ്ങൾ കൈക്കൊള്ളുന്നതിന് വിവിധ രാജ്യങ്ങൾ ചേർന്ന് രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം അഥവാ സെർട്ട്. ഇതിന്റെ ഭാഗമായി ദേശീയതലത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യക്ക് കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിവരസാങ്കേതിക സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും മതിയായ ഉപരോധമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുദ്ദേശിച്ച് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള 2010 മേയിൽ പ്രവർത്തനമാരംഭിച്ചു. സർക്കാർ വെബ്സൈറ്റുകളുടെ സുരക്ഷ സംബന്ധിച്ച പരിശീലനം നടത്തുന്നതിനും വെബ്സൈറ്റുകളുടെ സുരക്ഷ നിരീകിഷിക്കുന്നതിനും സെർട്ട് കേരള ശ്രദ്ധപുലർത്തുന്നു.

ഡയറക്ടർ